**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3094** **25-10-2021 - ൽ മറുപടിയ്ക്ക്**

**റസ്റ്റ് ഹൗസുകളിൽ കാന്റീൻ സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളിൽ കാന്റീൻ സൗകര്യം ഇല്ലാത്തതുകാരണം അവിടെ എത്തിച്ചേരുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും മറ്റുള്ളവരും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ അടിസ്ഥാന സൗകര്യങ്ങളുള്ള 41 റസ്റ്റ് ഹൗസുകളിൽ കാന്റീൻ പ്രവർത്തിച്ചു വരുന്നുണ്ട്. കാന്റീൻ സൗകര്യമില്ലാത്ത ബാക്കിയുള്ള അടിസ്ഥാന സൗകര്യവും തിരക്കുമുള്ള റസ്റ്റ് ഹൗസുകളിൽ ടെണ്ടർ സൗകര്യം വഴി കാന്റീൻ നടത്തുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |
| (ബി) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര റസ്റ്റ് ഹൗസുകൾ ഉണ്ടെന്നും അവയിൽ കാന്റീൻ സൗകര്യം ഉള്ളതും ഇല്ലാത്തതും എത്രയുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 153 റസ്റ്റ് ഹൗസുകൾ ഉണ്ട്. അവയിൽ 41 എണ്ണം കാന്റീൻ സൗകര്യം ഉള്ളതും ബാക്കിയുള്ള 112 എണ്ണം കാന്റീൻ സൗകര്യമില്ലാത്തതും ആണ്. |
| (സി) | റസ്റ്റ് ഹൗസുകളിൽ കാന്റീൻ സൗകര്യം ഏർപ്പെടുത്തിയും ഭൗതികസാഹചര്യം മെച്ചപ്പെടുത്തിയും ആളുകളെ ആകർഷിച്ച് വരുമാനം കൂട്ടുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (സി) | റസ്റ്റ് ഹൗസുകളിൽ കാന്റീൻ സൗകര്യം ഏർപ്പെടുത്തിയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും ആളുകളെ ആകർഷിച്ച് വരുമാനം കൂട്ടുന്നതിലേയ്ക്കായി ടൂറിസം സാധ്യതയുള്ള മേഖലകളിലെ റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നുണ്ട്. ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് തെരഞ്ഞെടുക്കപ്പെട്ട 25 റസ്റ്റ് ഹൗസുകളെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കെ.റ്റി.ഡി.സി മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വരുമാനം കൂട്ടുന്നതിന്റെ ഭാഗമായി എല്ലാ റസ്റ്റ് ഹൗസുകളിലും പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകുന്ന രീതിയിൽ 2021 നവംബർ ഒന്നു മുതൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ